## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1644** — 02.07.2015-ൽ മറുപടിക്ക്

### തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴിയുള്ള ക്ഷേമ പെൻഷനുകൾ

**ചോദ്യം**

ശ്രീ. രാജു എബ്രഹാം

**ഉത്തരം**

ശ്രീ. എം.കെ.മുനീർ
(പഞ്ചായത്തും സാമൂഹ്യ നീതിയും)
വകുപ്പു മന്ത്രി)

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി ഏതെല്ലാം ക്ഷേമപെൻഷനുകളാണ് വിതരണം ചെയ്തു വരുന്നത്; ഓരോ വിഭാഗത്തിനും അനുവദിച്ചിട്ടുള്ള തുക എത്ര വീതമാണ്; ഈ സർക്കാർ അധികാരമേറ്റ ശേഷം ഏതെങ്കിലും ക്ഷേമ പെൻഷന്റെ തുക വർദ്ധിപ്പിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ പദ്ധതികൾക്കായി എത്ര തുക വീതമാണ് വർദ്ധിപ്പിച്ചത് ;

(എ) ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ, ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ, ഇന്ദിരാഗാന്ധി ദേശീയ വിധവാപെൻഷൻ, 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ, കർഷക തൊഴിലാളി പെൻഷൻ എന്നീ 5 ഇനം പെൻഷനുകളാണ് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ വഴി വിതരണം ചെയ്തു വരുന്നത്. ഓരോ വിഭാഗത്തിനും അനുവദിച്ചിട്ടുള്ള തുക ചുവടെ ചേർക്കുന്നു.

| ക്രമ നം. | ക്ഷേമപെൻഷനുകൾ | അനുവദിച്ചിട്ടുള്ള തുക |
|---|---|---|
| 1 | വാർദ്ധക്യകാല പെൻഷൻ (80 വയസ്സിന് മുകളിൽ പ്രായമുള്ളവർ) | 1200.00 |
| | (80 വയസ്സിന് താഴെ പ്രായമുള്ളവർ) | 600.00 |
| 2 | വികലാംഗ പെൻഷൻ (80% ത്തിന് താഴെ വൈകല്യമുള്ളവർ) | 800.00 |
| | 80% ത്തിന് മുകളിൽ വൈകല്യമുള്ളവർ) | 1100 |
| 3 | വിധവാ പെൻഷൻ | 800.00 |
| 4. | കർഷകതൊഴിലാളി പെൻഷൻ | 600.00 |
| 5 | 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 800.00 |

ഈ സർക്കാർ അധികാരമേറ്റ ശേഷം പെൻഷൻ തുക പല ഘട്ടങ്ങളിലായി 4 പ്രാവശ്യം വർദ്ധിപ്പിച്ചിട്ടുണ്ട്. അവ സംബന്ധിച്ച വിവരം അനുബന്ധം ആയി ചേർത്തിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം ക്ഷേമ പെൻഷനുകൾ കൊടുക്കുന്നതിൽ കുടിശ്ശിക വന്നിട്ടുണ്ടോ ; എങ്കിൽ കാരണം വിശദമാക്കാമോ; ഓരോ പെൻഷനിലും എത്ര മാസത്തെ കുടിശ്ശികയാണ് വരുത്തിയിട്ടുള്ള തെന്ന് വ്യക്തമാക്കാമോ ;

(ബി) ഉണ്ട്. കുടിശ്ശിക കൊടുത്ത് തീർക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കുടിശ്ശിക സംബന്ധിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ക്ഷേമപെൻഷനുകൾ | കുടിശ്ശിക |
|---|---|---|
| 1 | വാർദ്ധക്യകാല പെൻഷൻ | സെപ്റ്റംബർ 2014 മുതൽ (8 മാസം) |
| 2 | വികലാംഗ പെൻഷൻ . | സെപ്റ്റംബർ 2014 മുതൽ (8 മാസം) |
| 3 | വിധവാപെൻഷൻ | സെപ്റ്റംബർ 2014 മുതൽ (8 മാസം) |
| 4 | 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | സെപ്റ്റംബർ 2014 മുതൽ (8 മാസം) |
| 5 | കർഷക തൊഴിലാളി പെൻഷൻ | ജൂലൈ 2014 മുതൽ( 10 മാസം) |

(സി) പെൻഷൻ കുടിശ്ശിക കൊടുത്തു തീർക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ;

(സി) പെൻഷൻ കുടിശ്ശിക അടിയന്തിരമായി വിതരണം ചെയ്ത് തീർക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന് നഗരകാര്യ ഡയറക്ടർക്കും പഞ്ചായത്ത് ഡയറക്ടർ ക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) കഴിഞ്ഞ സാമ്പത്തിക വർഷം ഓരോ പെൻഷനും നീക്കിവച്ച തുക സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ഡി) വിവരം ശേഖരിച്ചു വരുന്നു.

(ഇ) നിലവിൽ ഓരോ പെൻഷനിലും എത്ര മാസത്തെ കുടിശ്ശിക വീതമാണുള്ളതെന്ന് ഇനം തിരിച്ച് വിശദമാക്കാമോ; ഇത് കൊടുത്തു തീർക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; എന്നത്തേയ്ക്ക് കുടിശ്ശിക പൂർണ്ണമായി കൊടുത്തു തീർക്കാൻ കഴിയും;

(ഇ)

| ക്രമ നം. | ക്ഷേമപെൻഷനുകൾ | കുടിശ്ശിക |
|---|---|---|
| 1 | വാർദ്ധക്യകാല പെൻഷൻ | 8 മാസം |
| 2 | വികലാംഗ പെൻഷൻ | 8 മാസം |
| 3 | വിധവാപെൻഷൻ | 8മാസം |
| 4 | 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതകൾ ക്കുള്ള പെൻഷൻ | 8മാസം |
| 5 | കർഷക തൊഴിലാളി പെൻഷൻ | 10 മാസം |

കുടിശ്ശിക തീർക്കാനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കാൻ നഗരകാര്യ ഡയറക്ടർക്കും പഞ്ചായത്ത് ഡയറക്ടർ ക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

| | | |
|---|---|---|
| (എഫ്) | നടപ്പു സാമ്പത്തിക വർഷം ഓരോ പെൻഷനും വേണ്ടി എത്ര തുകയാണ് നീക്കി വയ്ക്കാൻ പോകുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (എഫ്) വിവരം ശേഖരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം (എ)

| ക്രമ നം. | ക്ഷേമപെൻഷനുകൾ | 2011 ഏപ്രിൽ മാസം മുതൽ | 2012 ഏപ്രിൽ മാസം മുതൽ | 2013 ഏപ്രിൽ മാസം മുതൽ | 2014 ഏപ്രിൽ മാസം മുതൽ |
|---|---|---|---|---|---|
| 1 | വർദ്ധക്യകാല പെൻഷൻ (80 വയസ്സിന് മുകളിൽ പ്രായമുള്ളവർ) | 400 | 900 | 1100 | 1200 |
| | 80 വയസ്സിന് താഴെ പ്രായമുള്ളവർ) | | 400 | 500 | 600 |
| 2 | വികലാംഗപെൻഷൻ (80% -ത്തിന് താഴെ വൈകല്യമുള്ളവർ | 400 | 700 | 700 | 800 |
| | (80% -ത്തിന് മുകളിൽ വൈകല്യമുള്ളവർ) | | 525 | 1000 | 1100 |
| 3 | വിധവാപെൻഷൻ | 400 | 525 | 700 | 800 |
| 4 | കർഷകതൊഴിലാളി പെൻഷൻ | | | 500 | 600 |
| 5 | 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 400 | 525 | 700 | 800 |

Meyed

സെക്ഷൻ ഓഫീസർ